12270
21/11/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-വിവിധ വകുപ്പുകളിലെ അംഗപരിമിതരുടെ സംവരണ തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്ന നടപടി ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വികലാംഗ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.658/14/സാ.നീ.വ    തിരുവനന്തപുരം, തീയതി 5.11.2014

പരാമർശം- സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി(2011-14) യുടെ നാലാമത് റിപ്പോർട്ടിലെ 9, 14 ഖണ്ഡികകളിലെ ശുപാർശകൾ

## ഉത്തരവ്

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2011-14) നാലാമത് റിപ്പോർട്ടിലെ ഒൻപത്, പതിനാല് ഖണ്ഡികകളിലെ ശുപാർശ പ്രകാരം വിവിധ വകുപ്പുകളിൽ വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്ന നടപടി ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും റിപ്പോർട്ടിലെ പതിനാലാം ഖണ്ഡികയിലെ ശുപാർശ പ്രകാരം ഓരോ വർഷവും നടക്കുന്ന പി.എസ്.സി നിയമനങ്ങളിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിനും വികലാംഗ നിയമനം സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുന്നതിനുമായി വികലാംഗ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭ(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ വകുപ്പ് എം.ഡി/സി.ഇ.ഒ മാർക്കും
രജിസ്ട്രാർ, യൂണിവേഴ്സിറ്റീസ്, കേരള, മഹാത്മാഗാന്ധി, കൊച്ചിൻ, കാലിക്കട്ട്, കണ്ണൂർ, ശ്രീ ശങ്കരാചാര്യ, കാർഷിക സർവ്വകലാശാല(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, സഹകരണ സംഘം
മാനേജിംഗ് ഡയറക്ടർ, ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (സർവ്വീസസ്.എ, സി.ഇ) വകുപ്പ്
ധനകാര്യ വകുപ്പ്
നിയമവകുപ്പ്
പൊതുഭരണ(എസ്.സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ